പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3221 21.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ഡീലക്സ് ബസുകൾ

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാല്വ വർഷത്തോളം പഴക്കമുള്ള എത്ര ഡീലക്സ് ബസുകൾ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സർവ്വീസ് നടത്താൻ കഴിയാതെ കിടപ്പുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | നാല്വ വർഷത്തോളം പഴക്കമുള്ള 21 ഡീലക്സ് ബസുകൾ താഴെപ്പറയുന്ന വർക് ഷോപ്പ്/ ഡിപ്പോകളിലായി സർവീസ് നടത്താതെ കിടപ്പുണ്ട്:<br>കണ്ണൂർ - 2<br>സെൻട്രൽ വർക്സ് - 1<br>റീജിയണൽ വർക് ഷോപ്പ്, ആലുവ - 3<br>റീജിയണൽ വർക് ഷോപ്പ്, എടപ്പാൾ - 11<br>പുനലൂർ - 1<br>എറണാകുളം - 1<br>പെരുമ്പാവൂർ - 2<br>ബാക്കിയുള്ള 29 ബസുകൾ വിവിധ ഡിപ്പോകളിൽ സർവീസ് നടത്തിവരുന്നു.<br>പുതിയ എയർ സസ്പെൻഷൻ ഷാസികളിൽ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കിയ പുതിയ ഡീലക്സ് ബസുകൾ ഉപയോഗിച്ച് പഴയ 50 ഡീലക്സ് ബസുകളും മാറ്റപ്പെടുകയുണ്ടായി. ഈ ഡീലക്സ് ബസുകൾ ടേക്ക് ഓവർ സർവീസുകൾക്ക് ബസുകൾ ഉപയോഗത്തിന് നല്കുന്നതിനും കൂടാതെ താഴ്ന്ന ക്ലാസിലുള്ള സർവീസുകൾ അപ്പ് ഗ്രേഡ് |

| | | | |
|---|---|---|---|
| | | | ചെയ്യുകയും ചെയ്തുവരുന്നു. ബാക്കിയുള്ള 21 ബസുകളിൽ സൂപ്പർ ഡീലക്സായി ഓടുന്നതിന് യോജിച്ചവ സൂപ്പർ ഡീലക്സായും അല്ലാത്തവ താഴ്ന്ന ശ്രേണിയിലുള്ള എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് മുതലായ ബസുകളായും രൂപാന്തരണം (conversion) ചെയ്യുന്നതിനുമുള്ള ജോലികൾ സെൻട്രൽ - റീജിയണൽ വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. ഈ ബസുകൾ ഉടൻ തന്നെ ഓണക്കാലത്ത് പ്രത്യേക സർവീസ് നടത്തുവാൻ തയ്യാറാക്കി നൽകുന്നതാണ്. |
| (ബി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതിയ ദീർഘദൂര/അന്തർ സംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; | (ബി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും ദീർഘദൂര / അന്തർസംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ട് 15 വർഷമായി. |
| (സി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് മൈസൂർ, കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും മൈസൂർ സർവ്വീസ് ആരംഭിക്കേണ്ടത് അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള കരാർ പ്രകാരം പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുന്നില്ല. നിലവിലെ സാഹചര്യത്തിൽ കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുവാനുള്ള നടപടി നിലവിൽ സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**